"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമവകപ്പ്-ജീവനക്കാര്യം -കോഴിക്കോട് ജില്ലയിലെ മലാപ്പറമ്പ് ഫീമെയിൽ ഹെൽത്ത് സൂപ്പർവൈസറി ട്രെയിനിംഗ് സ്കൂളിൽ പബ്ലിക് ഹെൽത്ത് നഴ്സിംഗ് ട്യൂട്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.രമണി.കെ.എൻ ഫയൽ ചെയ്ത O.A(EKM) No.43/2026 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 15/01/2026 തീയതിയിലെ അന്തിമ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.842/2026/H&FWD തീയതി,തിരുവനന്തപുരം, 02-03-2026

---

പരാമർശം:-
1. സ.ഉ (പി )No.351/2014/H&FWD തീയതി 12.12.2014
2. ശ്രീമതി.രമണി.കെ.എൻ.,പബ്ലിക് ഹെൽത്ത് നഴ്സിംഗ് ട്യൂട്ടർ സമർപ്പിച്ച 07.01.2026 തീയതിയിലെ നിവേദനം (Annexure A7)
3. O.A(EKM) No.43/2026 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 15/01/2026 തീയതിയിലെ അന്തിമ വിധിന്യായം
4. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 05.02.2026 തീയതിയിലെ DHS/2713/2026-FWA5 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ മലാപ്പറമ്പ് ഫീമെയിൽ ഹെൽത്ത് സൂപ്പർവൈസറി ട്രെയിനിംഗ് സ്കൂളിൽ പബ്ലിക് ഹെൽത്ത് നഴ്സിംഗ് ട്യൂട്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.രമണി.കെ.എൻ എം.സി.എച്ച് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം സർക്കാരിൽ നിവേദനം നൽകുകയും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ O.A (EKM) No.43/2026 നമ്പറായി കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു.

2. O.A (EKM) No.43/2026 നമ്പർ കേസിന്റെ 15/01/2026 തീയതിയിലെ അന്തിമ ഉത്തരവിൽ ഒന്നാം എതിർകക്ഷിയായ സർക്കാർ, അപേക്ഷകയുടെ അനുബന്ധം A7 നിവേദനം പരിഗണിച്ച്, അപേക്ഷകയെ നേരിൽ കേട്ട് രണ്ട് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. O.A(EKM) No.43/2026 നമ്പർ കേസിന്റെ 15/01/2026 തീയതിയിലെ അന്തിമ വിധിന്യായം പാലിക്കുന്നതിന്റെ ഭാഗമായി, പരാതിക്കാരിയെ സർക്കാരിൽ നേരിൽ കേട്ടിരുന്നു. പരാതിക്കാരിയും,

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരും ഹാജരാവുകയുണ്ടായി.

3. പരാമർശം (1) പ്രകാരം നിലവിൽ വന്ന വിശേഷാൽ ചട്ടം പ്രകാരം പബ്ലിക് ഹെൽത്ത് നഴ്സിംഗ് ട്യൂട്ടർ തസ്തികയിൽ നിന്നും ഡി.പി.എച്ച്.എൻ തസ്തികയിലേക്കും, ഡി.പി.എച്ച്.എൻ തസ്തികയിൽ നിന്നും എം.സി.എച്ച് ഓഫീസർ തസ്തികയിലേക്കുമാണ് സ്ഥാനക്കയറ്റം അനുവദിക്കേണ്ടത്. പബ്ലിക് ഹെൽത്ത് നഴ്സിംഗ് ട്യൂട്ടർ തസ്തികയിൽ B.Sc-നഴ്സിംഗ് യോഗ്യതയുള്ള ജീവനക്കാർക്കാണ് ഡി.പി.എച്ച്.എൻ, എം.സി.എച്ച് ഓഫീസർ എന്നീ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കേണ്ടത്. നിലവിൽ ലഭ്യമായ വിവരങ്ങൾ അനുസരിച്ചു് പബ്ലിക് ഹെൽത്ത് നഴ്സിംഗ് ട്യൂട്ടർ തസ്തികയിൽ B.Sc-നഴ്സിംഗ് യോഗ്യതയുള്ള ആരും തന്നെ സേവനം അനുഷ്ഠിക്കുന്നില്ല. ആയതിനാൽ വകുപ്പിൽ ടി തസ്തികകൾ ദീർഘകാലമായി ഒഴിഞ്ഞു കിടക്കുകയാണ്.

4. നിലവിലെ വിശേഷാൽ ചട്ടപ്രകാരം District Public Health Nurse തസ്തികയുടെ പ്രൊമോഷൻ തസ്തികയാണ് Maternal and Child Health Officer. മേൽപ്പറയുന്ന യോഗ്യതകളും കൂടാതെ District Public Health Nurse തസ്തികയിൽ 2 വർഷത്തെ പ്രവൃത്തി പരിചയവും ഉണ്ടെങ്കിൽ മാത്രമേ ഏതൊരാൾക്കും Maternal and Child Health Officer തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കുകയുള്ളു. ടി യോഗ്യതകൾ ശ്രീമതി.രമണി.കെ.എൻ-ന് ഇല്ലാത്തതിനാൽ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ച സ്പെഷ്യൽ റൂൾ അനുസരിച്ച് ടിയാൾക്ക് എം.സി.എച്ച് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് നിലവിൽ നിർവാഹമില്ലാത്തതാണ് എന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (1) ലെ വിശേഷാൽ ചട്ടം അനുശാസിക്കും പ്രകാരം ഉള്ള യോഗ്യതകൾ ശ്രീമതി.രമണി.കെ.എൻ-ന് ഇല്ലാത്തതിനാൽ ടിയാൾക്കു Maternal and Child Health Officer തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് നിലവിൽ നിർവാഹമില്ല. ആയതിനാൽ ശ്രീമതി.രമണി. കെ.എൻ സമർപ്പിച്ച അനുബന്ധം A7 നിവേദനം നിരസിക്കുന്നു.

7. ശ്രീമതി.രമണി.കെ.എൻ ഫയൽ ചെയ്ത O.A(EKM) No.43/2026 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 15/01/2026 തീയതിയിലെ അന്തിമ വിധിന്യായം ഇപ്രകാരം അനുപാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ശ്രീമതി. രമണി കെ.എൻ., പബ്ലിക് ഹെൽത്ത് നഴ്സിംഗ് ട്യൂട്ടർ, വിഷ്ണു വിഹാർ, തുമ്പത്തടം, എം.എം ബസാർ പി.ഓ, കണ്ണൂർ -670306,
ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
കരുതൽ ഫയൽ(c1/8/2026/H&FWD)

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 02-03-2026 14:54:29
സെക്ഷൻ ഓഫീസർ